**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4225** **28-10-2021 - ൽ മറുപടിയ്ക്ക്**

**കുടിൽ വ്യവസായ സംരംഭങ്ങൾക്ക് പ്രത്യേക പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. സജീവ് ജോസഫ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പനയോല, ഈറ്റ, മൺപാത്രം തുടങ്ങിയ കുടിൽ വ്യവസായ സംരംഭങ്ങൾ പ്രതിസന്ധിയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതെല്ലാം കരകൗശല ഉല്പന്നങ്ങളാണ് പ്രസ്തുത കുടിൽ വ്യവസായ സംരംഭങ്ങൾ മുഖേന നിർമ്മിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സമസ്ത മേഖലയിലുമെന്ന പോലെ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പരമ്പരാഗത വ്യവസായങ്ങളും പ്രതിസന്ധി നേരിടുന്നുണ്ട്. കരകൗശല ഉൽപന്നങ്ങളും നിത്യോപയോഗ സാധനങ്ങളും കുടിൽ വ്യവസായ സംരംഭങ്ങൾ വഴി കാഡ്കോയുടെ ആഭിമുഖ്യത്തിൽ നിർമ്മിച്ചു വരുന്നുണ്ട്. കെൽപാം മുഖേന പനയോല ഉപയോഗിച്ച് സ്ട്രാ (Straw) നിർമ്മാണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കരിമ്പനയിൽ നിന്നും ലഭിക്കുന്ന അസംസ്കൃത വസ്തുക്കളായ പനയോല, നൊങ്ക്, അക്കാനി തുടങ്ങിയ പന ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് ഈ മേഖലയിൽ പ്രവർത്തിച്ചു വരുന്ന തൊഴിലാളികളെ കൊണ്ട് സംഭരിച്ച് മൂല്യാധിഷ്ഠിത ഉൽപന്നങ്ങൾ ആയ സ്ക്വാഷ്, ജാം മുതലായവ നിർമ്മിച്ച് വിപണനം നടത്തുന്നതിന് പദ്ധതിയുണ്ട്. തൃശ്ശൂർ രാമവർമ്മപുരത്ത് മുള ഉൽപ്പന്ന നിർമ്മാണത്തിനും പരിശീലനത്തിനുമായി ഒരു Design Technology Development Workshop കരകൗശല വികസന കോർപ്പറേഷൻ സംഘടിപ്പിച്ചു. കൂടാതെ പനയോല, ഈറ്റ, മൺപാത്രം തുടങ്ങിയവയിലുള്ള ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് കരകൗശല വികസന കോർപ്പറേഷൻ സംഘടിപ്പിക്കുന്ന പ്രദർശന മേളകളിൽ സൗകര്യം നൽകാറുണ്ട്. കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ഈറ്റ ഉപയോഗിച്ചുള്ള കുടിൽ വ്യവസായ സംരംഭത്തെ സഹായിച്ചുവരുന്ന ഒരു സ്ഥാപനമാണ്. ഇതുമായി ബന്ധപ്പെട്ട് ധാരാളം കുട്ട, വട്ടി, മുറം തുടങ്ങിയവ നെയ്യുന്ന തൊഴിലാളികളുടെ സൊസൈറ്റികൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചു |

| | | | |
|---|---|---|---|
| | | | വരുന്നുണ്ട്. ഇവർക്ക് ആവശ്യമായ ഈറ്റ കോർപ്പറേഷൻ മിതമായ നിരക്കിലാണ് വിറ്റു വരുന്നത്. കുട്ട, വട്ടി, മുറം, കരകൗശല വസ്തുക്കൾ എന്നിവയെല്ലാമാണ് ഈറ്റയും മുളയും ഉപയോഗിച്ച് ചെയ്തു വരുന്നത്. ബാംബൂ കോർപ്പറേഷൻ പുതിയതായി, ഈറ്റയിൽ നിന്നും, മുളയിൽ നിന്നും നിർമ്മിക്കുന്ന ഓഫീസ് സ്റ്റേഷനറി ഉല്പന്നങ്ങൾ കേരളത്തിലുടനീളമുള്ള ഓഫീസുകളിൽ വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കോർപ്പറേഷൻ അടിമാലി, ഇടമലയാർ, ചാലക്കുടി, ചേരാനല്ലൂർ അങ്കമാലി എന്നിവിടങ്ങളിൽ ധാരാളം ട്രെയിനിങ്ങ് പ്രോഗ്രാമുകൾ നടത്തി വരുന്നുണ്ട്. ഇവർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ബാംബൂ കോർപ്പറേഷൻ വാങ്ങുകയും, അത് കോർപ്പറേഷന്റെ ഔട്ട്ലെറ്റ് വഴി വിൽപനയും നടത്തുന്നു. |
| (ബി) | ഇത്തരം കുടിൽ വ്യവസായങ്ങളേയും തൊഴിലാളികളേയും സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | മരപ്പണിയിലേർപ്പെട്ടിട്ടുള്ള ആർട്ടിസാൻ മാർക്കായി ഒരു പൊതുസേവന കേന്ദ്രം കൊല്ലം ഉമയനല്ലൂരിൽ കാഡ്കോയുടെ കീഴിൽ പ്രവർത്തിച്ചു വരുന്നു. കരകൗശല വികസന കോർപ്പറേഷൻ തടികൊണ്ടുള്ള കരകൗശല ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന തിനായി ഒരു പൊതുസേവന കേന്ദ്രം ചേർപ്പിൽ ആരംഭിച്ചു. കുടിൽ വ്യവസായങ്ങൾക്കും തൊഴിലാളികൾക്കും ബാംബൂ കോർപ്പറേഷൻ സബ്സിഡൈസ്ഡ് നിരക്കിലാണ് ഈറ്റ നൽകിവരുന്നത്. നിലവിൽ ക്ഷേമനിധി, അംഗങ്ങളായ തൊഴിലാളികൾക്ക് ഈറ്റ, കാട്ടുവള്ളി, തഴ ക്ഷേമനിധി ബോർഡ് മുഖേന ഇൻകം സപ്പോർട്ട് സ്കീം, കോവിഡ് ധനസഹായം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, അവശത പെൻഷൻ, വിദ്യാഭ്യാസ ധനസഹായം എന്നിവയും നൽകി വരുന്നുണ്ട്. കരകൗശല വികസന കോർപ്പറേഷൻ പരമ്പരാഗത ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള പ്രദർശന മേളകൾ ഡിസംബർ മാസം മുതൽ പുനരാരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. |
| (സി) | കോവിഡിന്റെ പശ്ചാത്തലത്തിൽ ഇവർക്കായി എന്തെങ്കിലും പ്രത്യേക പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ? | (സി) | കേരള ഈറ്റ, തഴ, കാട്ടുവള്ളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് 1000/- രൂപ ധനസഹായം നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ